**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. **4613**

**25.06.2019-ൽ**
മറുപടിയ്ക്ക്

## ഹൗസിംഗ് ബോർഡിന്റെ ബഡ്ജറ്റ് വിഹിതങ്ങൾ

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷമുള്ള ബഡ്ജറ്റുകളിൽ ഹൗസിംഗ് ബോർഡിന് ഏതെല്ലാം ഇനങ്ങളിൽ എത്ര തുക വീതം പ്ലാൻ/ നോൺപ്ലാൻ ഫണ്ട് ശീർഷകങ്ങളിലായി ഓരോ വർഷവും വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റ് വിഹിതങ്ങളിൽ എത്ര തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും, അതിൽ എത്ര തുക ബോർഡ് ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(എ) & (ബി) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ 2016-17 സാമ്പത്തികവർഷം മുതൽ വകയിരുത്തിയ തുകയുടെയും, അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഹൗസിംഗ് ബോർഡ് ബഡ്ജറ്റ് വിഹിതങ്ങൾ വാങ്ങാതെ ലാപ്സാക്കിയിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഭരണാനുമതി നല്കിയ ശേഷം അനുവദിച്ച തുക ബോർഡ് ലാപ്സാക്കിയിട്ടില്ല. എന്നാൽ ഭൂമി ലഭ്യമല്ലാത്തതിനാലോ പദ്ധതി നടത്തിപ്പിലെ കാലതാമസം കാരണമോ ചില പദ്ധതികളുടെ വിഹിതം ലാപ്സായിട്ടുണ്ട്.

(ഡി) ബോർഡിന്റെ പദ്ധതി ചെലവുകൾ ശരാശരിയ്ക്ക് താഴെയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(ഡി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതി ചെലവുകൾ വിലയിരുത്തുന്നതിന് വിവിധ തലങ്ങളിൽ അവലോകനയോഗങ്ങൾ ചേരുകയും പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുവാൻ ബോർഡിന് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

# കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ബഡ്ജറ്റ് വിഹിതം സംബന്ധിച്ച വിശദവിവരങ്ങൾ

## 2016-17

**നോൺ പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ഗ്രാന്റ് -ഇൻ-എയ്ഡ് | 82.40 | 82.40 | 82.40 |
| 2 | വർക്കിംഗ് ജേണലിസ്റ്റ് ഹൗസിംഗ് സ്കീം സബ്സിഡി | 18.00 | 18.00 | 18.00 |
| 3 | എം.എൽ.എ/എം.പി. ഹൗസിംഗ് സ്കീം | 10.00 | 10.00 | 10.00 |

**പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ട്രെയിനിംഗ് പ്ലാൻ | 70.00 | 70.00 | 70.00 |
| 2 | ഗൃഹശ്രീ ഹൗസിംഗ് സ്കീം സബ്സിഡി | 3615.00 | 2888.00 | 2888.00 |
| 3 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 480.00 | 480.00 | സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ നിന്നും തുക സർക്കാർ തിരിച്ചെടുത്തു |
| 4 | ഹരിപ്പാട് റവന്യൂ ടവർ (അഡീഷണൽ ഓതറൈസേഷൻ മുഖേന) | 394.06 | 394.06 | 394.06 |

# 2017-18

**നോൺ പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ഗ്രാന്റ് -ഇൻ-എയ്ഡ് | 90.64 | 90.64 | 90.64 |
| 2 | വർക്കിംഗ് ജേണലിസ്റ്റ് ഹൗസിംഗ് സ്കീം സബ്സിഡി | 18.00 | 18.00 | 18.00 |
| 3 | എം.എൽ.എ/എം.പി. ഹൗസിംഗ് സ്കീം | 10.00 | 10.00 | 10.00 |

**പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ട്രെയിനിംഗ് പ്ലാൻ | 50.00 | റിലീസ് ചെയ്തിട്ടില്ല | - |
| 2 | ഗൃഹശ്രീ ഹൗസിംഗ് സ്കീം സബ്സിഡി | 2176.00 | 727.00 | 694.00 |
| 3 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 600.00 | റിലീസ് ചെയ്തിട്ടില്ല | - |
| 4 | ഹരിപ്പാട് റവന്യൂ ടവർ (അഡീഷണൽ ഓതറൈസേഷൻ മുഖേന) | 419.84 | 419.84 | 419.84 |
| 5 | ആശ്വാസ് വാടക വീട് പദ്ധതി | 1500.00 | റിലീസ് ചെയ്തിട്ടില്ല | - |
| 6 | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി | 500.00 | റിലീസ് ചെയ്തിട്ടില്ല | - |
| 7 | കടകംപള്ളി റവന്യൂ ടവർ | 500.00 | 500.00 | സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ നിന്നും തുക സർക്കാർ തിരിച്ചെടുത്തു |
| 8 | ഐ.എ.എസ്. ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് | 100.00 | 100.00 | സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ നിന്നും തുക സർക്കാർ തിരിച്ചെടുത്തു |

## 2018-19

**നോൺ പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ഗ്രാന്റ് -ഇൻ-എയ്ഡ് | 95.17 | 60.00 | 60.00 |
| 2 | വർക്കിംഗ് ജേണലിസ്റ്റ് ഹൗസിംഗ് സ്കീം സബ്സിഡി | 18.00 | 14.00 | സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ നിന്നും തുക സർക്കാർ തിരിച്ചെടുത്തു |
| 3 | എം.എൽ.എ/എം.പി. ഹൗസിംഗ് സ്കീം | 10.00 | 5.00 | 5.00 |
| 4 | എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി (അഡീഷണൽ ഓതറൈസേഷൻ മുഖേന) | 150.00 | 150.00 | 100.00 |

**പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | റിലീസ് ചെയ്ത തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ട്രെയിനിംഗ് പ്ലാൻ | 40.00 | 29.00 | 29.00 |
| 2 | ഗൃഹശ്രീ ഹൗസിംഗ് സ്കീം സബ്സിഡി | 2600.00 | റിലീസ് ചെയ്തിട്ടില്ല | - |
| 3 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 480.00 | 480.00 | 388.00 |
| 4 | ഹരിപ്പാട് റവന്യൂ ടവർ (അഡീഷണൽ ഓതറൈസേഷൻ മുഖേന) | 309.95 | 309.95 | 309.95 |
| 5 | ആശ്വാസ് വാടക വീട് പദ്ധതി | 430.00 | റിലീസ് ചെയ്തിട്ടില്ല | - |
| 6 | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി | 600.00 | റിലീസ് ചെയ്തിട്ടില്ല | - |
| 7 | ലൈഫ് മിഷൻ ഹൗസിംഗ് കോംപ്ലക്സ് | 1260.00 | റിലീസ് ചെയ്തിട്ടില്ല | - |

# 2019-20

**നോൺ പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | ഗ്രാന്റ് -ഇൻ-എയ്ഡ് | 95.17 |
| 2 | വർക്കിംഗ് ജേണലിസ്റ്റ് ഹൗസിംഗ് സ്കീം സബ്സിഡി | 18.00 |
| 3 | എം.എൽ.എ/എം.പി. ഹൗസിംഗ് സ്കീം | 10.00 |

**പ്ലാൻ (തുക ലക്ഷത്തിൽ)**

| ക്രമ നം. | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക |
|---|---|---|
| 1 | ട്രെയിനിംഗ് പ്ലാൻ | 200.00 |
| 2 | ഗൃഹശ്രീ ഹൗസിംഗ് സ്കീം സബ്സിഡി | 3236.00 |
| 3 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ | 242.00 |
| 4 | ആശ്വാസ് വാടക വീട് പദ്ധതി | 500.00 |
| 5 | സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി | 600.00 |
| 6 | പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വാടക വീട് പദ്ധതി (തോട്ടം തൊഴിലാളികൾക്കു വേണ്ടി) | 750.00 |

സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ